(ബി-ഡി) വിജ്ഞാപനം തീയതി സാമ്പത്തിക വർഷത്തിന്റെ അവസാനമായി ഏകീകരിച്ചതുമൂലം നിയമനസ്തംഭനം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് പ്രവേശന തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള അധികാരം വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും വികേന്ദ്രീകരിച്ച് നൽകിയിട്ടുണ്ട്. നിയമനാധികാരികൾ ഒഴിവുകൾ നേരിട്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാൽ ഇപ്രകാരമുള്ള കണക്ക് ലഭ്യമല്ല.

**വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലെ ഒഴിവുകളിലുള്ള പി.എസ്.സി. നിയമനങ്ങൾ**

**54 (1605)** ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി. എത്ര നിയമനങ്ങൾ വീതം ശുപാർശ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേർക്ക് സർക്കാർ നിയമന ഉത്തരവ് നൽകിയിട്ടുണ്ട് ;

(സി) ഇതിൽ എത്ര പേർ പ്രസ്തുത തസ്തികകളിൽ ജോലിക്ക് പ്രവേശിച്ചു ;

(ഡി) ഇതിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**യോഗ്യതാ പരീക്ഷ നടത്താതെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ബോട്ട് മാസ്റ്റർമാരെ നിയമിച്ചത് സംബന്ധിച്ച്**

**55 (1606)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യോഗ്യതാ പരീക്ഷ നടത്താതെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർമാരെ പി.എസ്.സി. നിയമിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് ലഭ്യമായ പരാതികളിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പഴയ വിജ്ഞാപനം റദ്ദ് ചെയ്ത് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ജലഗതാഗതവകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്യുന്നത്. അതുപ്രകാരം ബോട്ടുമാസ്റ്റർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ടു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയും, പി.എസ്.സി. ഈ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും, റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടുള്ളതുമാണ്. പി.എസ്.സി. നിർദ്ദേശിച്ച ഉദ്യോഗാർത്ഥികളെ നിയമിക്കുക മാത്രമാണ് വകുപ്പ് ചെയ്തിട്ടുള്ളത്. ഓരോ കാറ്റഗറിയിലേയും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പി.എസ്.സി. നിർദ്ദേശിച്ച ബോട്ട്മാസ്റ്റർ തസ്തികയിലെ നിയമനത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| അഡ്വൈസ് നമ്പർ | തീയതി | നിർദ്ദേശിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| RIC(2) 22911/07/GW | 11-7-2007 | 42 |
| RIC(2) 22911/07/GW | 28-11-2007 | 19 |
| RIC(2) 22911/07/GW | 3-3-2008 | 24 |
| RIC(2) 22911/07/GW | 16-7-2008 | 02 |
| RIC(2) 22911/07/GW | 9-12-2008 | 08 |
| RIC(2) 22911/07/GW | 12-4-2010 | 08 |
| | ആകെ | 103 |

ഈ 103 പേരിൽ 100 പേർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

(ബി-ഡി) ഈ വിഷയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പി.എസ്.സി.-യിൽനിന്ന് ശേഖരിച്ച് നൽകുന്നതാണ്.

**നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങൾ**

**56 (1607)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ ഏതൊക്കെ തസ്തികകളിലെ നിയമനങ്ങളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തിരുവിതാംകൂർ-കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫീഡ്സ് ലിമിറ്റഡ്,

LIBRARY ARCHIVES Kerala Legislative Assembly